പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5229 — 27.06.2019 ൽ മറുപടിയ്ക്ക്

സപ്ലൈകോ വില്പന ശാലകൾ നവീകരിക്കുന്നതിന് നടപടി

ചോദ്യം
ശ്രീ.കെ.സി.ജോസഫ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വർദ്ധനവ് സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കിയെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | നിത്യോപയോഗ സാധനങ്ങളിൽ ചിലതിന് നേരിയ വില വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും, കാര്യക്ഷമമായ വിപണിയിടപെടലിലൂടെ വില നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണിയിൽ ഇടപെടുന്നതിനും സപ്ലൈകോ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | (ബി) | സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡി നിരക്കിൽ ഈ അവശ്യ സാധനങ്ങൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 36 ഇനം നിത്യോപയോഗ സാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും ശബരി/ FMCG (Fast moving consumer goods) സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സുതാര്യമായ പർച്ചേസ് രീതികൾക്ക് പുറമെ, നാഫെഡ് മുതലായ കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ സംഭരിക്കുന്നു. സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം പൂർണ്ണമായി തടയുന്നതിനായി ഓൺലൈൻ സംവിധാനം ഉപയോഗിച്ചുള്ള ബില്ലിംഗ് ഏർപ്പെടുത്തുകയും വിപണന |

| | | | |
|---|---|---|---|
| | | | മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹോം അപ്ലയൻസസ് കച്ചവടവും കുപ്പിവെള്ള വിൽപ്പനയും ആരംഭിച്ചിട്ടുണ്ട്. വിപണിയിടപെടലിനായി സപ്ലൈകോ സ്വീകരിച്ചിട്ടുള്ള നടപടികൾ വിലവർദ്ധനവ് തടയുന്നതിന് നല്ല നിലയിൽ സഹായിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | സപ്ലൈകോയുടെ വില്പന ശാലകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | നിലവിലെ മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നിവയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനീകരിക്കുകയും പുതിയ റാക്കുകൾ, ഫർണീച്ചറുകൾ, വെയിങ് മെഷീൻ, സി.സി.ടി.വി., ജനറേറ്റർ, കമ്പ്യൂട്ടർ, പ്രിൻറർ, ബാർ കോഡ് റീഡർ, നെയിംബോർഡ് തുടങ്ങിയവ സ്ഥാപിച്ച് പെയിൻറിങ് നടത്തി നവീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>നവീകരണ പദ്ധതിയുടെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി 86 സപ്ലൈകോ വിൽപ്പനശാലകൾ നവീകരിക്കുകയും ആയതിന് ഏകദേശം 7.07 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് നൂറോളം വിൽപ്പനശാലകൾകൂടി നവീകരിക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | വില്പന ശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ വില്പന ശാലകൾ തുറക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാതിരുന്ന 17 പഞ്ചായത്തുകളിൽക്കൂടി വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ കെട്ടിടം ലഭ്യമാക്കി നൽകുന്നമുറയ്ക്ക് മാവേലി സ്റ്റോറുകളില്ലാത്ത ശേഷിക്കുന്ന 21 പഞ്ചായത്തുകളിൽ കൂടി അവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില (രൂപ കി .ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of 20/06/2019 (per Kg) | സപ്ലൈകോ വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ | ഒരു റേഷൻകാർഡിന് ഒരുമാസം അനുവദിച്ച അളവ് |
|---|---|---|---|---|---|---|
| 1 | ചെറുപയർ | 59.00 | 93.50 | 34.50 | 36.90% | 2 Kg |
| 2 | ഉഴുന്ന് ബോൾ | 60.00 | 92.57 | 32.57 | 35.18% | 1 Kg |
| 3 | വൻകടല | 39.00 | 75.93 | 36.93 | 48.64% | 2 Kg |
| 4 | വൻപയർ | 45.00 | 71.07 | 26.07 | 36.68% | 1 Kg |
| 5 | തുവര പരിപ്പ് | 49.00 | 97.93 | 48.93 | 49.96% | 2 Kg |
| 6 | മുളക് | 75.00 | 131.00 | 56.00 | 42.75% | ½ Kg |
| 7 | മല്ലി | 75.00 | 102.00 | 27.00 | 26.47% | ½ Kg |
| 8 | പഞ്ചസാര | 22.00 | 38.07 | 16.07 | 42.21% | 1 Kg |
| 9 | വെളിച്ചെണ്ണ | 90.00 | 202.85 | 112.85 | 55.63% | ½ ലിറ്റർ |
| 10 | ജയ അരി | 25.00 | 37.00 | 12.00 | 32.43% | എല്ലാ ഇനവും കൂടി 10 Kg |
| 11 | കുറുവ അരി | 25.00 | 36.50 | 11.50 | 31.51% | |
| 12 | മട്ട അരി | 24.00 | 37.57 | 13.57 | 36.12% | |
| 13 | പച്ചരി | 23.00 | 34.67 | 11.67 | 33.66% | |
| 14 | ആന്ധ്ര ഇതര ജയ അരി | 25.00 | 36.00 | 11.00 | 30.56% | |

[signature]

സെക്ഷൻ ഓഫീസർ